വർഷത്തിൽ ആദ്യത്തെ ഗഡുവായ 15½ ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞു. രണ്ടാമത്തെ ഗഡുവായ 15½ ലക്ഷം രൂപ അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ സ്പെഷ്യൽഗ്രാൻറായി 12-9-1985-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 15 ലക്ഷം രൂപയും കൊച്ചിൻ ദേവസ്വം ബോർഡിന് 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

7-11-1985-ൽ കൊച്ചിൻ ദേവസ്വംബോർഡിന് 1974-75 മുതൽ 1984-85 വരെ കുടിശ്ശിക 1,05,805,47 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകൾക്ക് യഥാക്രമം 13 ലക്ഷവും 7-ലക്ഷവും രൂപ വീതം സ്പെഷ്യൽ ഗ്രാൻറായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ശ്രീ. പത്മനാഭസ്വാമി ക്ഷേത്രത്തിന് രണ്ടുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പുരാതനക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി

491. [606] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തു ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) പുരാതനക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ക്ഷേത്രങ്ങൾക്ക് എത്ര സംഖ്യവീതം സഹായം നൽകി.

(ബി) ഇനി എത്ര ക്ഷേത്രങ്ങൾക്ക് എത്ര സംഖ്യവീതം സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) ക്ഷേത്രങ്ങളുടെ എണ്ണം 1067. കൊടുത്ത തുകയുടെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) നിലവിലുള്ള കോസ്സുകളിൽ ഇനി 703 ക്ഷേത്രങ്ങൾക്ക് ആനുവിറ്റിഫിക്സ് ചെയ്യുവാൻ ബാക്കിയുണ്ട്. ആനുവിറ്റി ഫിക്സ് ചെയ്തുകഴിഞ്ഞാൽ മാത്രമേ എത്ര തുക നൽകാൻ കഴിയുമെന്നുപറയാൻ സാധിക്കുകയുള്ളൂ.

II ശ്രദ്ധക്ഷണിക്കൽ

(1) റേഷനരിയുടെ വിലവർദ്ധന

ശ്രീമതി ഗൗരിഭായി തങ്കപ്പൻ : സർ, റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ റേഷൻ അരിയുടെ വില 6 പ്രാവശ്യം വർദ്ധിപ്പിക്കുകയുണ്ടായി. 1-10-1982-ൽ 13 പൈസ വച്ച് വർദ്ധിപ്പിച്ചു. 13-6-1983 മുതൽ 10 പൈസവച്ച് വർദ്ധിപ്പിച്ചു. 16-1-1984 മുതൽ 21 പൈസ വച്ച് വർദ്ധിപ്പിച്ചു. 13-10-1985 മുതൽ 9 പൈസ വച്ച് വർദ്ധിപ്പിച്ചു. 2-2-1986 മുതൽ 14 പൈസയും 28-9-1986 മുതൽ 8 പൈസയും വച്ച് വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറ് പ്രാവശ്യം ഈ നാലരവർഷങ്ങൾക്കുള്ളിൽ വിലവർദ്ധിപ്പിക്കുകയുണ്ടായി. 1980-ൽ ഒരു കിലോഗ്രാം അരിക്ക് 1 രൂപ 80 പൈസയായിരുന്നത് ഇന്ന് 2 രൂപ 85 പൈസയായി വർദ്ധിച്ചിട്ടുണ്ട്. 28-9-1986-ൽ ഒരു കിലോഗ്രാം റേഷൻ അരിക്ക് 8 പൈസ വച്ച് വർദ്ധിപ്പിച്ചപ്പോൾ, നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly